I/36595/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

# വിജ്ഞാപനം

## കീം 2023

## എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ അപേക്ഷയിൽ കൂട്ടിചേർക്കുന്നതിനുള്ള അവസരം

കീം 2023 മുഖേന കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളവർക്ക് താഴെപ്പറയുന്ന കോഴ്സുകൾ കൂട്ടിച്ചേർക്കാൻ അവസരം ലഭ്യമാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| A | മെഡിക്കൽ &<br>മെഡിക്കൽ അനുബന്ധ കോഴ്സുകൾ | 1. എം.ബി.ബി.എസ്<br>2. ബി.ഡി.എസ്<br>3.ബി.എച്ച്.എം.എസ് (ഹോമിയോ)<br>4.ബി.എ.എം.എസ് (ആയുർവേദ)<br>5. ബി.എസ്.എം.എസ് (സിദ്ധ)<br>6. ബി.യു.എം.എസ് (യുനാനി)<br>7.ബി.എസ്.സി(ഓണേഴ്സ്) അഗ്രികൾച്ചർ<br>8.ബി.എസ്.സി(ഓണേഴ്സ്) ഫോറസ്ട്രി<br>9.ബി.എസ്.സി(ഓണേഴ്സ്) കോ-ഓപ്പറേഷൻ &ബാങ്കിംഗ്<br>10.ബി.എസ്.സി(ഓണേഴ്സ്) ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയോൺ മെന്റൽ സയൻസ്<br>11.ബി.ടെക്(ബയോടെക്നോളജി) (കേരള കാർഷിക സർവ്വകലാശാല)<br>12.വെറ്ററിനറി (ബി.വി.എസ്.സി & എ.എച്ച്)<br>13.ഫിഷറീസ് (ബി.എഫ്.എസ്.സി) |
| | | |

| | | |
|---|---|---|
| B | എഞ്ചിനീയറിംഗ് കോഴ്സുകൾ | ബി.ടെക് ഡിഗ്രി കോഴ്സുകൾ (കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ബി.ടെക് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ്, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബി.ടെക് ഡയറി ടെക്നോളജി, ബി.ടെക് ഫുഡ് ടെക്നോളജി എന്നീ കോഴ്സുകൾ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷ്യൻ സ്റ്റഡീസിന്റെ കീഴിലുള്ള ബി.ടെക് ഫുഡ് ടെക്നോളജി കോഴ്സ് ഉൾപ്പെടെ) |
| C | ഫാർമസി കോഴ്സ് | ബി.ഫാം |
| D | ആർക്കിടെക്ചർ കോഴ്സ് | ബി.ആർക്ക് |

കീം 2023 മുഖേന എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/മെഡിക്കൽ, മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും കോഴ്സുകൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകർക്ക് എഞ്ചിനീയറിംഗ്/ ഫാർമസി/ ആർക്കിടെക്ചർ/ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ എന്നിവയിലേതെങ്കിലും അപേക്ഷയിൽ ഉൾപ്പെടുത്താൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അപേക്ഷയിൽ ആവശ്യമുള്ള കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ട്. ആർക്കിടെക്ചർ (ബി.ആർക്) കോഴ്സ് കൂട്ടിച്ചേർക്കുന്നവർ കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന പരീക്ഷ (NATA) എഴുതി നിശ്ചിത യോഗ്യത നേടേണ്ടതും മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നവർ NTA നടത്തുന്ന നീറ്റ് യു.ജി 2023 പരീക്ഷ എഴുതി നിശ്ചിത യോഗ്യത നേടേണ്ടതുമാണ്.

കീം 2023 അപേക്ഷിച്ചവർക്ക് കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് **10.04.2023 വൈകുന്നേരം 7.00 മണി മുതൽ 12.04.2023 വൈകുന്നേരം 5.00 മണി വരെ** പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കും.

കീം 2023 മുഖേന ഏതെങ്കിലും കോഴ്സുകൾക്കായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളവർ പുതിയ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിനായി മേൽ വെബ്സൈറ്റിൽ **'KEAM 2023- Application'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അപേക്ഷാ നമ്പറും, പാസ്‌വേഡും നൽകി ലോഗിൻ ചെയ്ത് ഹോം പേജിൽ പ്രവേശിച്ച് **'Add Course'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ/ മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകൾ ആവശ്യാനുസരണം കൂട്ടിച്ചേർക്കാവുന്നതാണ്. **കോഴ്സുകൾ** കൂട്ടിച്ചേർക്കുന്നതിനുള്ള സൗകര്യം **12.04.2023 വൈകുന്നേരം 5.00 മണിക്ക്** അവസാനിക്കുന്നതാണ്. അവസാന തീയതി ഒരു കാരണവശാലും ദീർഘിപ്പിച്ച് നൽകുന്നതല്ല. വിദ്യാർത്ഥികൾ കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിൽ അതീവ ജാഗ്രത

I/36595/2023

പുലർത്തേണ്ടതും നിശ്ചിത സമയത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതുമാണ്.

**അപേക്ഷാ ഫീസ്:** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കോഴ്സുകൾ കൂട്ടിച്ചേർക്കുന്ന അപേക്ഷകർ അധിക ഫീസ് അടയ്ക്കേണ്ടതുണ്ടെങ്കിൽ ഓൺലൈനായി മാത്രം ബാക്കി തുക മേൽ തീയതിക്കകം അടയ്ക്കേണ്ടതാണ്.

പുതുതായി കോഴ്സുകൾ കൂട്ടിച്ചേർക്കുന്നതിന് മുമ്പ്, പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള 2023-24 അദ്ധ്യയന വർഷത്തിലെ സംസ്ഥാനത്തെ എഞ്ചിനീയറിംഗ്, ഫാർമസി, ആർക്കിടെക്ചർ, മെഡിക്കൽ & മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ പ്രവേശനം സംബന്ധിച്ച വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സർക്കാർ അംഗീകൃത പ്രോസ്പെക്ടസിലെ വ്യവസ്ഥകളും 17.03.2023 ലെ പ്രവേശനം സംബന്ധിച്ചുള്ള വിജ്ഞാപനവും അപേക്ഷകർ ശ്രദ്ധിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signed by
Inbasekar K Ias
Date: 05-04-2023 15:26:24

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

05-04-2023